## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1157** **30.01.2018- ൽ മറുപടിക്ക്**

### കുന്ദമംഗലം ചേരിഞ്ചാൽ കുറ്റിക്കാട്ടൂർ റോഡ്, ചെറൂപ്പ-കുറ്റിക്കടവ്-ചെട്ടിക്കടവ് റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള, റോഡുകളുടെ മൊത്തം നീളവും റോഡിന്റെ പേരും തമ്മിൽ പൊരുത്തപ്പെടാത്ത കുന്ദമംഗലം ചേരിഞ്ചാൽ കുറ്റിക്കാട്ടൂർ റോഡ്, ചെറൂപ്പ-കുറ്റിക്കടവ്-ചെട്ടിക്കടവ് റോഡ് എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ റോഡിന്റെ മുഴുവൻ ഭാഗത്തും പ്രവർത്തി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കുന്ദമംഗലം - ചേരിഞ്ചാൽ - കുറ്റിക്കാട്ടൂർ റോഡിന്റെ കുന്ദമംഗലം മുതൽ കോട്ടാംപറമ്പ് വരെ (2 കി.മി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ് വരുന്നത്. അതിൽ 1 ½ കി.മി (0/000 മുതൽ 1/500 വരെ) ബഡ്ജറ്റ് പ്രവ്യത്തി നടന്നു വരുന്നു. കിമി. 1/500 മുതൽ 2/000 വരെ ബി.എം & ബി.സി ചെയ്ത റോഡാണ്.<br>ചെറൂപ്പ - കുറ്റിക്കടവ് - ചെട്ടിക്കടവ് റോഡിൽ ചെറൂപ്പ മുതൽ കുറ്റിക്കടവ് വരെ ബഡ്ജറ്റ് പ്രവ്യത്തി നടന്നു വരുന്നു. കുറ്റിക്കടവ് മുതൽ ചെട്ടിക്കടവ് വരെ കുഴിയടയ്ക്കൽ പ്രവ്യത്തി നടത്തിയിട്ടുണ്ട്. ഈ റോഡിന്റെ നീളവും പേരും ശരിയായ രീതിയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | രേഖയിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ